# <u>സർക്കുലർ</u>

വിഷയം : വ്യവസായ വകുപ്പ്- പരമ്പരാഗത വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കു ന്നതിനായി പൊതു ചടങ്ങുകളിലും, കാമ്പസുകളിലും, ഭവനങ്ങളിലും, കൈത്തറി/ഖാദി ഉൽപ്പ ന്നങ്ങൾ ഉപയോഗി ക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം

കൈത്തറി/ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കു ന്നതിനുള്ള വിവിധ പദ്ധതികളുടെ ഭാഗമായി സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൈത്തറി തുണിത്തരങ്ങൾ ഉപയോഗിക്കണമെന്നും, പൊതുചടങ്ങുകളിൽ കൈത്തറി/ഖാദി ഷാൾ, പൊന്നാട, തോർത്ത്, മുണ്ട് മുതലായവയുടെ ഉപയോഗം പരമാവധി ഉപയോഗപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഇത് ഉചിതമായി പാലിക്കപ്പെടുന്നില്ല എന്നു കാണുന്ന ു. അതിനാൽ സർക്കാർ കഴിയുന്നതും വാരാന്ത്യങ്ങളിൽ രണ്ടു ദിവസമെങ്കിലും കൈ ത്തറി/ഖാദി വസ്ത്രങ്ങൾ ധരിച്ച് നമ്മുടെ പരമ്പരാഗത മേഖലയെ സംരക്ഷിക്കു ന്നതിൽ പങ്കാളികളാകേണ്ടതാണ്. അതുപോലെ കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിച്ച് നമ്മുടെ പാരമ്പര്യവും കേരളത്തനിമയും നിലനിർത്തു ന്നതിനായി കോളേജ് കാമ്പസുകളിൽ പ്രചാരണം സംഘടിപ്പിക്കുവാനും, ഓഫീസുകളിലും ഭവനങ്ങളിലും ഫർണിഷിംഗ് തുണിത്തര ങ്ങൾ ആവശ്യമാകുന്ന പക്ഷം കൈത്തറി/ ഖാദി കൊണ്ടുള്ള ഫർണിഷിംഗ് തുണിത്തരങ്ങൾ ഉപയോഗിക്കുവാനും അഭ്യർത്ഥിക്കുന്നു.

റ്റി. ബാലകൃഷ്ണൻ
പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്
ട്രാൻസ്പോർട്ട് കമ്മീഷണർ
മോട്ടോർ വാഹന വകുപ്പ്, തിരുവനന്തപുരം.

പുറത്തെഴുത്ത് നം.ജി.4/7577/റ്റി.സി/08 തീയതി 08.2008

പരമ്പരാഗത വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കു ന്നതിനായി കൈത്തറി/ഖാദി ഉൽപ്പ ന്നങ്ങൾ ഉപ യോഗിക്കുന്നതു സംബന്ധിച്ച വ്യവസായ വകുപ്പിന്റെ സർക്കുലർ ഇതോടൊപ്പം എല്ലാ ഡി,റ്റി.സി, ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ എന്നിവർക്ക് അനന്തര നടപടികൾക്കായി അയക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ നമായി പാലിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി